**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2659** **24-06-2024 - ൽ മറുപടിയ്ക്ക്**

**ജോലിസമയത്തെ അപകടം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. എം.വിജിൻ** | **ശ്രീ . കെ . കൃഷ്ണൻകുട്ടി**<br>**(വൈദ്യുതി വകുപ്പ് മന്ത്രി)** |

(എ) കെ.എസ്.ഇ.ബി. ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും ജോലിസമയത്ത് അപകടം സംഭവിക്കാതിരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(എ) വൈദ്യുതി ലൈനിൽ പണിയെടുക്കുന്നതിനു മുമ്പ് വൈദ്യുതി ബന്ധം വിഛേദിച്ച്, ലൈനുകൾ എർത്തുമായി ബന്ധിപ്പിച്ചും മാത്രമേ ജോലി ചെയ്യുവാൻ പാടുള്ളുവെന്നു കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. (നൂതന വർക്ക്സൈറ്റ് ഏർത്തിംഗ് രീതിയായ "ഇക്വി പൊട്ടെൻഷ്യൽ ബോണ്ട് എർത്തിംഗ് നടപ്പാക്കിയിട്ടുണ്ട്.)

<u>സുരക്ഷാ നയം:</u> വൈദ്യുതി മേഖലയിൽ ജോലി ചെയ്യുന്നവർക്കും, മേൽനോട്ടം വഹിക്കുന്നവർക്കും, പൊതുജനങ്ങൾക്കും വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽനിന്നും അപകടം ഉണ്ടാകാതിരിക്കാൻ വേണ്ടി സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയുടെ സുരക്ഷാ റെഗുലേഷനുകളും സുരക്ഷയുമായി ബന്ധപ്പെട്ട IS 5216, OHSAS 18001:2007 എന്നിവ ഉൾപ്പെടെ നിഷ്കർഷിക്കുന്ന സുരക്ഷാ മാനദണ്ഡങ്ങളും ആണ് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ സുരക്ഷാ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സുരക്ഷാ നയവുമായി ബന്ധപ്പെട്ട് ട്രാൻസ്മിഷൻ ആൻഡ് ഡിസ്ട്രിബ്യൂഷൻ വിഭാഗങ്ങളുടെ സേഫ്റ്റി പ്രോസീജിയർ തയ്യാറാക്കി എല്ലാ ഓഫീസുകളിലും പുസ്തക രൂപത്തിലും PDF രൂപത്തിലും ലഭ്യമാക്കിയിട്ടുണ്ട്.

സുരക്ഷാ കാര്യങ്ങൾ കാര്യക്ഷമമായി നടക്കുന്നുവെന്നു ഉറപ്പുവരുത്താൻ ചീഫ് സേഫ്റ്റി കമ്മീഷണറുടെ കീഴിൽ സേഫ്റ്റി വിങ്ങ് പ്രവർത്തിച്ചു വരുന്നു. ഡെപ്യൂട്ടി സേഫ്റ്റി കമ്മിഷണർ, ചീഫ് സേഫ്റ്റി ഓഫീസർ, സേഫ്റ്റി ഓഫീസർ തലത്തിൽ പ്രവർത്തി ഇടങ്ങളിൽ സുരക്ഷപരിശോധന നടത്തി വരുന്നു. ഫീൽഡിൽ സുരക്ഷാ നടപടിക്രമങ്ങൾ, സുരക്ഷാ നിയമങ്ങൾ, എന്നിവ പാലിക്കുന്നതിന്റെ ഫലപ്രദമായ വിലയിരുത്തലിനും, ഫീൽഡ് സ്റ്റാഫിന്റെ ജോലിസ്ഥലത്തെ പി.പി.ഇ.കളുടെ ഉപയോഗം എന്നിവ വിലയിരുത്തുവാൻ ചീഫ് സേഫ്റ്റി കമ്മീഷണർ ചെയർമാനായിട്ടുള്ള ഒരു സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തൽ കമ്മിറ്റി 25 ഇലക്ട്രിക്കൽ സർക്കിൾ അടിസ്ഥാനത്തിൽ സുരക്ഷാ വിലയിരുത്തൽ നടത്തി.

അപകടങ്ങളുടെ തോത് പരമാവധി കുറയ്ക്കാനായി കെ.എസ്.ഇ.ബി. ലിമിറ്റഡിലെ വൈദ്യുത വിതരണ വിഭാഗത്തിലെ എല്ലാ ഓഫീസുകളിലെയും എല്ലാ ലൈൻമാന്മാർക്കും 14 ഇനം സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് (ഷോൾഡർ ബാഗോടു കൂടി) ഉപയോഗിക്കുന്നതിനായി വിതരണം ചെയ്തിട്ടുണ്ട്. എർത്ത് റോഡ്, ഷോർട്ടിംഗ് ക്ലിപ്പ്, ഫുൾ ബോഡി സേഫ്റ്റി ബെൽറ്റ്, സേഫ്റ്റി ഷൂസ്, സേഫ്റ്റി ഹെൽമെറ്റ്, ഗ്ലൗസ്, എർത്ത് സ്പൈക്ക് തുടങ്ങിയ സുരക്ഷാ ഉപകരണങ്ങൾ അടങ്ങിയ സേഫ്റ്റി കിറ്റ് ആണ് നല്കിയിട്ടുള്ളത്.

സുരക്ഷാ നയം എല്ലാ ജീവനക്കാരിലേയ്ക്കും എത്തിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ്, എല്ലാ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും വേണ്ടി സുരക്ഷാനയവുമായി ബന്ധപ്പെട്ട പരിശീലന ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തി യിട്ടുണ്ട്. സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി നിഷ്കർഷിക്കുന്ന നിലയിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിലെ എല്ലാ ഫീൽഡ് ജീവനക്കാർക്കും സുരക്ഷാ പരിപാലനം ഉറപ്പു വരുത്തുന്നതിനു ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്.

(ബി) ഇതിനായി കൈക്കൊണ്ട നടപടികൾ പ്രകാരം അപകടങ്ങൾ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

(ബി) അപകടങ്ങൾ കുറഞ്ഞു വരുന്നതായി SMART SOFTWARE ലെ കണക്കുകൾ സൂചിപ്പിക്കുന്നു.

| ബോർഡ് ഇൻസ്റ്റലേഷനിൽ നിന്ന് ബോർഡ് സ്റ്റാഫിനും കോൺട്രാക്ട് സ്റ്റാഫിനും സംഭവിച്ച അപകടങ്ങളുടെ എണ്ണം | | | | | | | |
|---|---|---|---|---|---|---|---|
| | Board Staff | | Contract Staff | | Total | | |
| Year | മാരകമായ അപകടം | മാരകമല്ലാത്ത അപകടം | മാരകമായ അപകടം | മാരകമല്ലാത്ത അപകടം | മാരകമായ അപകടം | മാരകമല്ലാത്ത അപകടം | Grand Total |
| 2021 | 8 | 69 | 15 | 79 | 23 | 148 | 171 |
| 2022 | 5 | 68 | 9 | 51 | 14 | 119 | 133 |
| 2023 | 6 | 57 | 6 | 58 | 12 | 115 | 127 |

വൈദ്യുത അപകടങ്ങൾ സംഭവിക്കുന്നത് കെ.എസ്.ഇ.ബി..എൽ വളരെ ഗൗരവമായി കാണുകയും, വൈദ്യുത അപകടങ്ങൾ ഇല്ലാതാക്കി സീറോ ആക്സിഡന്റ് സ്റ്റാറ്റസ് കൈവരിക്കു ന്നതിനായി KSEBL ക്രിയാത്മകമായ നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ